## ട്രാൻസ്പോർട്ട് കമ്മീഷണറുടെ നടപടിക്രമം
## (സാന്നിധ്യം: കെ പത്മകുമാർ ഐ പി എസ്)

വിഷയം : മോട്ടോർ വാഹന വകുപ്പ്-ജീവനകാര്യം-പാർട്ട് ടൈം സ്വീപ്പർ-സ്ഥലംമാറ്റം സംബന്ധിച്ച ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായവും, സർക്കാർ നിർദ്ദേശങ്ങളും പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1. കരുനാഗപ്പള്ളി സബ് ആർ റ്റി ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ. എസ്.രാജേന്ദ്രന്റെ 05-07-2017ലെ നിവേദനം

2. ഒ.എ.നം.2322/2017 നമ്പർ കേസിൽ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 01-12-2017-ലെ വിധിന്യായം

3. 27-01-2018-ലെ സ.ഉ.(സാധാ) നം.35/2018/ഗതാഗതം സർക്കാർ ഉത്തരവ്

**<u>ഉത്തരവ് നം. എ5/3624/04/റ്റിസി തീയതി 19-02-2018</u>**

പുനലൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീ.എൻ.ശങ്കരൻ കുട്ടി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.2322/2017 നമ്പർ കേസിൽ അപേക്ഷകന്റെ നിവേദനം പരിഗണിച്ച്, അപേക്ഷകനെ നേരിൽ കേട്ട ശേഷം രണ്ട് മാസത്തിനുള്ളിൽ നിയമാനുസൃതം ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു.ട്രിബ്യൂണൽ പരാമർശം 2 പ്രകാരം സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന മുൻനിർത്തി കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ശ്രീ.എൻ.ശങ്കരൻ കുട്ടിയെ തത്ക്കാലത്തേക്ക് നിയമിക്കുന്നതിന് പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ **പുനലൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ.എ.ശങ്കരൻ കുട്ടിയെ കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലേക്കും, കരുനാഗപ്പള്ളി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ.എസ്.രാജേന്ദ്രനെ പുനലൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലേക്കും, കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ ആയി താത്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ.ജി.സുനിൽ കുമാറിനെ കരുനാഗപ്പള്ളി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലേക്കും തത്ക്കാലത്തേക്ക് സ്ഥലംമാറ്റി ഉത്തരവാകുന്നു.**

**2. മേൽപറഞ്ഞ ഉദ്യോഗസ്ഥർ തങ്ങളുടെ പ്രവൃത്തി സമയത്തിന് ശേഷം ഓഫീസിൽ തുടരുവാൻ പാടില്ലാത്തതാണ്. ഇക്കാര്യം കർശനമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ബന്ധപ്പെട്ട ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതുമാണ്.**

3.മേൽ പറഞ്ഞ ഉദ്യോഗസ്ഥരെ അവരവരുടെ നിലവിലുള്ള സ്റ്റേഷനിൽ നിന്നും വിടുതൽ ചെയ്യുന്ന തീയതിയും, അവർ പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ബന്ധപ്പെട്ട മേലധികാരി താമസംവിനാ ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

1. ബന്ധപെട്ട ഉദ്യോഗസ്ഥർ (ഉചിതമാർഗ്ഗേണ)
2. ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, ദക്ഷിണ മേഖല, തിരുവനന്തപുരം
3. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, കൊല്ലം
4. ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, കരുനാഗപ്പള്ളി & പുനലൂർ
5. ജൂനിയർ സൂപ്രണ്ട്, എസ് എസ് ജി-ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി

അംഗീകാരത്തോടെ

21.2.18

സീനിയർ സൂപ്രണ്ട്

21/2/18